മൂന്ന് കോളനികളിലെയും വികസന പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പൂൾഡ് ഫണ്ടിൽ പൂർത്തിയാക്കുന്ന പദ്ധതികൾ

199 (2408) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ മാർച്ച് 31 വരെ പൂൾഡ് ഫണ്ട് എത്ര ശതമാനം ചെലവഴിച്ചു ;

(ബി) പൂൾഡ് ഫണ്ടിൽ ഈ വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാം ;

(സി) പൂൾഡ് ഫണ്ടിൽ പൂർത്തിയാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇനിയും അനുവദിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്നും ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം മാർച്ച് 31 വരെ പൂൾഡ് ഫണ്ടിനത്തിൽ 52.48% ചെലവഴിച്ചിട്ടുണ്ട്.

(ബി & സി) നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മറ്റ് സർക്കാർ വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ പൂൾഡ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായി സമർപ്പിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ച പ്രോജക്ടുകൾക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പാണ് അംഗീകാരം നൽകുന്നത്. ജില്ലാതലത്തിൽ പൂൾഡ് ഫണ്ട് പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നില്ല. 2014-15 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് :

1. ആടുവളർത്തൽ പദ്ധതി.

2. സുബല ടൂറിസം പ്രോജക്ട്, പത്തനംതിട്ട.

3. CAT, GATE കോച്ചിംഗ്, ഡി.റ്റി.ഇ. (ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ മുഖേന)

LIBRARY ARCHIVES Kerala Legislative Assembly

ഇവയിൽ ആട്ടവളർത്തൽ പദ്ധതി മലപ്പുറം ജില്ലയിലും സുബല ടൂറിസം പ്രോജക്ട് പത്തനംതിട്ട ജില്ലയിലും CAT, GATE കോച്ചിംഗ് എന്നിവ (ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ മുഖേന) സംസ്ഥാനത്തുടനീളവും നടപ്പിലാക്കി വരുന്നു. പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല. പൂൾഡ് ഫണ്ടിൽ ഉൾപ്പെട്ടുത്തി ജില്ലാതല പദ്ധതികൾ അനുവദിച്ചിട്ടില്ല.

ബ്ലോക്ക് ഗ്രാന്റ് പദ്ധതി

200 (T2409) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിൽ നിന്ന് 2014-15-ലെ റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് പദ്ധതിയനുസരിച്ച് ബഡ്ജറ്റ് വിഹിതമായും റീ-അപ്രോപ്രിയേഷനിലൂടെയും എത്ര തുക നീക്കിവച്ചിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) നിലവിലെ ബഡ്ജറ്റിൽ ഇതിനായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ; ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽ നിന്ന് 2014-15 ലെ റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് പദ്ധതിയനുസരിച്ച് ബഡ്ജറ്റ് വിഹിതമായി പ്ലാൻ ഇനത്തിൽ 5,271.00 ലക്ഷംരൂപയും നോൺ പ്ലാൻ ഇനത്തിൽ 435.91 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6156.91 ലക്ഷംരൂപയുംവകയിരുത്തിയിരുന്നു.

പദ്ധതിയിനത്തിൽ റീ അപ്രോപ്രിയേഷൻ മുഖേന മുനിസിപ്പൽ കോർപ്പറേഷന്റെ ശീർഷകത്തിൽ നിന്നും 59.78 ലക്ഷംരൂപ കുറവു ചെയ്യുകയും ആയത് 53.01 ലക്ഷംരൂപ ബ്ലോക്ക്പഞ്ചായത്തിനും6.77 ലക്ഷംരൂപ മുനിസിപ്പാലിറ്റിക്കുമായി വകയിരുത്തുകയും ചെയ്തു.

പദ്ധതിയേതര ഇനത്തിൽ റീ അപ്രോപ്രിയേഷൻ മുഖേന മുനിസിപ്പൽ കോർപ്പറേഷന്റെ ശീർഷകത്തിൽ നിന്നും 0.1 ലക്ഷംരൂപയും മുനിസിപ്പാലിറ്റിയുടെ

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly